## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3092

20.06.2014 ലെ
മറുപടിയ്ക്ക്

### പാലൊളി കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരമുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>,, പി.റ്റി.എ. റഹീം<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ചിരുന്ന പാലൊളി കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരം ആരംഭിച്ച വിവിധ പദ്ധതി കൾ ഏതൊക്കെയാണ്; | (എ) താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കി വരുന്നത്.<br>1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് അഞ്ച് മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പതിനൊന്ന് കേന്ദ്രങ്ങൾ കൂടി ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു.<br>3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)<br>കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു. |
| (ബി) ഇവയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാം ശങ്ങൾ നൽകുമോ; | (ബി) 18.02.2014-ന് ബഹു.നഗര കാര്യവും ന്യൂനപക്ഷ ക്ഷേമവും വകപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം നടത്തുകയു ണ്ടായി. |
| (സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ